**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2164** **11.02.2020** - ൽ മറുപടിയ്ക്ക്

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സാമ്പത്തിക സഹായം**

ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി നാളിതുവരെ സംസ്ഥാന സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | 220,72,32,964/- രൂപ |
| (ബി) | സുപ്രീം കോടതി വിധി ഉണ്ടായിട്ടും കേന്ദ്രസർക്കാർ നാളിതുവരെയായി എൻഡോസൾഫാൻ ദുരിതബാധിതർക്കായി സാമ്പത്തികസഹായം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 2012 മുതൽ NHM ന്റെ കീഴിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസം, അമ്മമാർക്കുള്ള കൗൺസലിംഗ് എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്കായി 22.19 കോടി രൂപ അനുവദിച്ച് നൽകിയതായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |

| ക്രമ നം. | ഇനം | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 1 | സാമ്പത്തിക സഹായം | 1,71,10,70,833 |
| 2 | ചികിത്സ | 15,03,18,067 |
| 3 | പെൻഷന് (2018-19) വരെ | 25,32,27,830 |
| 4 | ആശ്വാസകിരണം (2018-19 വരെ) | 1,75,65,401 |
| 5 | സ്കോളർഷിപ്പ് (2018-19 വരെ) | 67,80,000 |
| 6 | വായ്പ എഴുതിത്തള്ളൽ | 6,82,70,833 |
| | ആകെ | 2,20,72,32,964 |

| | | | |
|---|---|---|---|
| (സി) | ഈ ഇനത്തിൽ തുക ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് സംസ്ഥാന സർക്കാർ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പെൻഷനും നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേകമായി സഹായധനം ലഭിച്ചിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്ക് കാസർഗോഡ് ജില്ലയിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾക്കായി 483 കോടി രൂപയുടെ പ്രൊപ്പോസൽ 2012-ൽ കേന്ദ്ര ധന സഹായത്തിനായി സമർപ്പിച്ചിരുന്നു. തുടർന്ന് ഇക്കാര്യം വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രത്യേകമായി അനുകൂല്യം നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ 17.2.2018-ൽ വീണ്ടും ബഹു. പ്രധാന മന്ത്രിയ്ക്ക് കത്തയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ, ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും ബഹു.സുപ്രീം കോടതിയുടെയും നിർദ്ദേശാനുസരണം നഷ്ടപരിഹാരം നൽകുന്നതു വഴി സംസ്ഥാനത്തിനു 349 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടെന്നും ഇതിൽ 161 കോടി രൂപ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ടെന്നും ദുരിതബാധിതർക്ക് പെൻഷൻ നൽകാനായി പ്രതിവർഷം 10.32 കോടി രൂപ ചെലവ് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിന്റെയും, അഞ്ചുവർഷത്തെ പെൻഷന് ചെലവഴിക്കുന്ന തുകയുടെയും കൂടി 50 ശതമാനമായ 200.30 കോടി രൂപയെങ്കിലും കേന്ദ്ര സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**